ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്കും പേരും അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(സി ആന്റ് ഡി) പുതുതായി കൃഷിഭവനുകൾ അനുവദിക്കുമ്പോൾ ജീവനക്കാരുടെ നിയമനം തുടങ്ങിയവയ്ക്ക് ആവശ്യമായി വരുന്ന സാമ്പത്തിക ബാധ്യത ശരിയായി വിശകലനം ചെയ്ത് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

മാവേലിക്കര തഴക്കര കൃഷിഫാമിന്റെ പിന്നോക്കാവസ്ഥ

68 [1200] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര തഴക്കര കൃഷിഫാമിന്റെ പിന്നോക്കാവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെ നല്ലയിനം തെങ്ങിൻതൈകൾ ലഭ്യമാക്കുന്ന വിത്തുൽപ്പാദന കേന്ദ്രമാക്കി മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഈ ഫാം കൃഷിവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഈ കൃഷിഫാമിന്റെ പുനഃരുദ്ധാരണത്തിന് എന്തെല്ലാം പുതിയ പരിപാടികൾ നടപ്പിലാക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആലോചിക്കാവുന്നതാണ്.

(ഡി) ഫാമിന്റെ നവീകരണത്തിനായി 5 വർഷംകൊണ്ട് ഘട്ടംഘട്ടമായി നടപ്പിലാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് ഒരു പെർസ്പെക്റ്റീവ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ പദ്ധതികൾ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

† അനുബന്ധം IV.

LIBRARY ARCHIVES Kerala Legislative Assembly